## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4627

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 അദ്ധ്യായംII/-ൽ 1-ാം ഉപവകുപ്പ് പ്രകാരം തൊഴിലാളിക്ക് 100 ദിവസത്തെ തൊഴിൽ നൽകണമെന്ന് വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, അദ്ധ്യായം II, സെക്ഷൻ 3(1) പ്രകാരം, അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധരാകുന്ന, ഗ്രാമീണ കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകാൻ വ്യവസ്ഥയുണ്ട്. |
| (ബി) | ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കുമോ ? | (ബി) | തൊഴിലുറപ്പ് നിയമം പട്ടിക I ഖണ്ഡിക 3(എ) യിൽ ഇപ്രകാരം സൂചിപ്പിക്കുന്നു. 'തൊഴിൽആവശ്യപ്പെടുന്നതിനനുസരിച്ച്, ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം ചുരുങ്ങിയത് 100 ദിവസത്തെ അവിദഗ്ദ്ധ കായിക തൊഴിൽ നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു'.<br>തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ടിത പദ്ധതിയാണ്. ആകയാൽ 100 ദിവസം തൊഴിൽ ആവശ്യപ്പെടുന്ന കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ